# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 218 — 04/02/2013 ൽ മറുപടിക്ക്

### മലയാള സിനിമാ വെബ് മാഗസിൻ

**ചോദ്യം**

ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. കെ. അച്ചുതൻ
ശ്രീ. ഐ. സി . ബാലകൃഷ്ണൻ
ശ്രീ.എ.റ്റി. ജോർജ്

**ഉത്തരം**

ശ്രീ. കെ.ബി. ഗണേഷ് കുമാർ
( ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാള സിനിമയെ അന്താരാഷ്ട്ര തലത്തിൽ എത്തിക്കുവാൻ എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | മലയാള സിനിമയുടെ വെബ് അധിഷ്ഠിത ഡേറ്റാ ബേസ് വികസിപ്പിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. ചിത്രങ്ങൾ, സിനിമയുടെ വിവരങ്ങൾ, ചലച്ചിത്ര മേഖലയുമായി ബന്ധപ്പെട്ട വ്യക്തികളുടെ വിവരങ്ങൾ, പോസ്റ്ററുകൾ, പാട്ടുപുസ്തകങ്ങൾ, കഥാചുരുക്കം, ഇന്റർവ്യൂകൾ എന്നിങ്ങനെ വിവിധ ഘടകങ്ങൾ ഉൾകൊള്ളിച്ചതാണ് ഈ ഡേറ്റാ ബേസ്. ഇതിനുപുറമെ അക്കാദമിക്ക് റൈറ്റ് നൽകിയിട്ടുള്ള ചിത്രങ്ങളെ വെബ് സ്ട്രീം ചെയ്യാനും നടപടി എടുക്കുന്നുണ്ട്. അന്തർദേശീയ ചലച്ചിത്രമേളയിലേക്ക് സിനിമകളെ അയക്കുന്നതിനുള്ള ചെലവ് അക്കാദമി വഹിക്കും. തെരഞ്ഞെടുക്കുന്ന ചിത്രങ്ങൾക്ക് സബ്ടൈറ്റിൽ ചെയ്യുന്നതിനും സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | ഇതിനായി സിനിമാ വെബ് മാഗസിൻ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ ? | (ബി) | ഉണ്ട്. ഇതിനായി ചലച്ചിത്ര അക്കാദമി ഒരു കൺസൾട്ടന്റ് എഡിറ്ററെ നിയമിച്ചിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഭാഷകളിലാണ് വെബ് മാഗസിൻ തുടങ്ങാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ? | (സി) | മലയാളം, ഇംഗ്ലീഷ് ഉൾക്കൊള്ളിച്ച് ബൈലിങ്ക്വൽ ആയാണ് വെബ് മാഗസിൻ തയാറാക്കുന്നത്. ലോകത്ത് സിനിമയുമായി ബന്ധപ്പെട്ട് നടക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ, കേരളത്തിൽ നടക്കുന്ന സിനിമാ നിർമാണ പ്രവർത്തനങ്ങൾ, സാങ്കേതിക കാര്യങ്ങൾ, അന്തർദേശീയ ചലച്ചിത്രമേളയുടെവിവരങ്ങൾ, ഇന്റർവ്യൂകൾ, ചലച്ചിത്ര നിരൂപണങ്ങൾ, ഡിസ്കഷൻ ഫോറം, പിക്ചർ ഗാലറി, സിനിമാ വ്യവസായ വാർത്തകൾ, മാർക്കറ്റ് വിഷയങ്ങൾ, സംവിധായകർ, നടന്മാർ, നിരൂപകർ, എന്നിവരുടെ കോളങ്ങൾ, മാസ്റ്റേഴ്സിന്റെ ചിത്രങ്ങൾ, ലോകസിനിമ, ഇന്ത്യൻസിനിമ, ഫിലിം പുസ്തകങ്ങൾ, മാസിക വിശേഷങ്ങൾ, സിനിമാ ചരിത്രകഥകൾ എന്നിവയും പഠനത്തിനായി സ്ക്രിപ്റ്റ് റൈറ്റിംഗ്, സിനിമാറ്റോഗ്രാഫി, എഡിറ്റിംഗ്, ആക്ടിംഗ് എന്നിവയുടെ സഹായികൾ, മിനിസ്റ്റേഴ്സ് ഡസ്ക്, ചിത്രഗാലറി എന്നിവയും ഉൾപ്പെടുത്തുന്നുണ്ട്. |
| (ഡി) | പ്രസ്തുത മാഗസിൻ എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ ? | (ഡി) | രണ്ടു മാസത്തിനകം മാഗസിൻ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ